പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3107 **29-10-2026-ൽ മറുപടിയ്ക്ക്**

പാരീസ് റോഡ് ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ പാരീസ് റോഡ് മഴക്കെടുതിയിൽ പൂർണ്ണമായും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ പാരീസ് റോഡ് മഴക്കെടുതിയിൽ പൂർണ്ണമായും തകർന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഏകദേശം രണ്ട് കിലോമീറ്റർ ദൈർഘ്യമുള്ള പ്രസ്തുത റോഡ് തകർന്നതിനെത്തുടർന്ന് പ്രദേശവാസികളും യാത്രക്കാരും നേരിടുന്ന ഗതാഗതപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ പാരീസ് റോഡ് മഴക്കെടുതിയിൽ പൂർണ്ണമായും തകർന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ദുരന്തനിവാരണ വകുപ്പിന്റെ കീഴിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

മറുപടി: ഇത് സംബന്ധിച്ച അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ